"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ഗ്രാമവികസന വകുപ്പ് - ജീവനക്കാര്യം - തിരുവനന്തപുരം അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ) തസ്തികയിലെ ചുമതല ക്രമീകരണം - ശ്രീമതി ശ്രീശുഭ എസ്., അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർക്ക് അധികച്ചുമതലാബത്ത അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.1111/2021/ത.സ്വ.ഭ.വ** **തീയതി, തിരുവനന്തപുരം, 09/06/2021.**

പരാമർശം:
1) 02.06.2020-ലെ ഗ്രാമവികസന കമ്മീഷണറുടെ 26/എസ്റ്റാ.എ 1/2020/സി.ആർ.ഡി നമ്പർ നടപടിക്രമം.
2) സ.ഉ.(സാധാ) നം.823/2021/തസ്വഭവ തീയതി 31.03.2021.
3) 27.04.2021-ലെ ഗ്രാമവികസന കമ്മീഷണറുടെ 26/എസ്റ്റാ.എ 1/2020/സി.ആർ.ഡി നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ) ആയിരുന്ന ശ്രീ.എം.എസ്.അനിൽകുമാർ സേവനത്തിൽ നിന്നും വിരമിച്ചപ്പോൾ പ്രസ്തുത തസ്തികയുടെ പൂർണ്ണ അധികച്ചുമതല അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (പി.എ) ആയിരുന്ന ശ്രീമതി ശ്രീശുഭ എസ്.-ന് നല്കിക്കൊണ്ട് പരാമർശം (1) പ്രകാരം ഗ്രാമവികസന കമ്മീഷണർ ഉത്തരവായിരുന്നു. പ്രസ്തുത നടപടി പരാമർശം (2) പ്രകാരം സർക്കാർ സാധൂകരിച്ചിരുന്നു. തിരുവനന്തപുരം അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ) തസ്തികയുടെ പൂർണ്ണ അധികച്ചുമതല വഹിച്ചിരുന്ന ശ്രീമതി ശ്രീശുഭ എസ്.-ന് അർഹമായ അധികച്ചുമതലാബത്ത അനുവദിക്കണമെന്ന് ഗ്രാമവികസന കമ്മീഷണർ പരാമർശം (3) പ്രകാരം അപേക്ഷിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ) സേവനത്തിൽ നിന്നും വിരമിച്ചപ്പോൾ , പ്രസ്തുത തസ്തികയുടെ പൂർണ്ണ അധികച്ചുമതല വഹിച്ച ശ്രീമതി ശ്രീശുഭ എസ്.-ന്, കെ.എസ്.ആർ. ഭാഗം-I, ചട്ടം 53 A II (b) (3), 53 (c) എന്നിവ പ്രകാരം, അധിക തസ്തികയുടെ ശമ്പളസ്കെയിലിന്റെ (pre-revised) മിനിമത്തിന്റെ 4% എന്ന നിരക്കിൽ, 02.06.2020 മുതൽ പരമാവധി 3 മാസ കാലയളവിലേയ്ക്ക്, ചാർജ്ജ് അലവൻസ് അനുവദിച്ചുകൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**നവീൻ കൃഷ്ണൻ ജി.ഐ.**
**അണ്ടർ സെക്രട്ടറി**

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
ശ്രീമതി ശ്രീശുഭ എസ്., അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ. (ഗ്രാമവികസന കമ്മീഷണർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം/തൃശ്ശൂർ.
ജില്ലാ കളക്ടർ, തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ